# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/227/2017 2017 ഒക്ടോബർ 31

## പത്രക്കുറിപ്പ്

## സർവ്വകലാശാലകളിൽ ഇ-ഗവേണൻസ് നടപ്പാക്കാൻ എം.ജി. സോഫ്റ്റ്‌വെയർ വികസിപ്പിക്കും: ഡോ. ബാബു സെബാസ്റ്റ്യൻ

കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും ഇ ഗവേണൻസ് നടപ്പാക്കുന്നതിനാവശ്യമായ സോഫ്ട്‌വെയർ സർക്കാർ നിർദ്ദേശപ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ നേതൃത്വത്തിൽ തയ്യാറാക്കുമെന്ന് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പ്രസ്താവിച്ചു. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഇന്നു മുതൽ (നവംബർ 1) നടപ്പാക്കുന്ന ഓൺലൈൻ സേവനങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു വൈസ് ചാൻസലർ. അടുത്ത അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലെയും ബിരുദ പ്രവേശനം എം.ജി. സർവ്വകലാശാല വികസിപ്പിച്ച ഏകജാലക സംവിധാനം വഴി നടത്തുന്നതിന് സർക്കാർ നിർദ്ദേശം ലഭിച്ചതായും അദ്ദേഹം അറിയിച്ചു. സർവ്വകലാശാലയിൽ നടപ്പാക്കുന്ന വിദ്യാർത്ഥി സൗഹൃദ നടപടികളുടെ ഭാഗമായി 2017-18ലെ ബജറ്റ് നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള 4 ഓൺലൈൻ സേവനങ്ങളാണ് സർവ്വകലാശാലയിൽ ആരംഭിക്കുന്നതെന്ന് ചടങ്ങിൽ അദ്ധ്യക്ഷനായിരുന്ന, സിൻഡിക്കേറ്റ്, ധനകാര്യ ഉപസമിതി കൺവീനർ ഡോ. കെ. ഷെറഫുദ്ദീൻ പറഞ്ഞു. സർവ്വകലാശാലാ ഫീസുകൾക്ക് ഓൺലൈൻ പെയ്മെന്റ്, തുല്യത, യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അപേക്ഷയും വിതരണവും, പ്രൊവിഡന്റ് ഫണ്ട് ക്രെഡിറ്റ് കാർഡുകൾ, വിരമിച്ച അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പണം എന്നീ സേവനങ്ങളാണ് ഇന്നു മുതൽ എം.ജി.യിൽ ഓൺലൈനാകുന്നത്. പുറമെ നിന്നുള്ള ഏജൻസികളുടെ സഹായമില്ലാതെ, സർവ്വകലാശാലയുടെ സ്വന്തം മനുഷ്യവിഭവശേഷി ഉപയോഗിച്ച് വികസിപ്പിച്ച സാങ്കേതികവിദ്യയാണ് ഈ ഓൺലൈൻ സേവനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നത്. സർവ്വകലാശാലാ പരീക്ഷകളുടെ ഓൺലൈൻ ചോദ്യപേപ്പർ വിതരണവും ഇത്തരത്തിൽ സ്വന്തമായി വികസിപ്പിച്ച സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് വിജയകരമായി നടത്തുന്നതെന്നും ഡോ. ഷെറഫുദ്ദീൻ പറഞ്ഞു

സർവ്വകലാശാലാ അസംബ്ലി ഹാളിൽ നടന്ന ചടങ്ങിൽ രജിസ്ട്രാർ എം.ആർ. ഉണ്ണി, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. എ.എം. തോമസ്, ഡോ. എ. ജോസ്, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. ആർ. പ്രഗാഷ്, സംഘടനാ പ്രതിനിധികളായ ജി. പ്രകാശ്, എ. ബാബുരാജ് വാര്യർ, പി.ആർ.ഒ.യുടെ ചുമതലയുള്ള വേണുഗോപാലൻ കർത്ത എന്നിവർ സംസാരിച്ചു.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ആരംഭിക്കുന്ന ഓൺലൈൻ സേവനങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ നിർവ്വഹിക്കുന്നു.**

**എം.ജി. പി.ജി. ഏകജാലകം: ഒന്നാം ഫൈനൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു: പ്രവേശനത്തിന് അർഹത നേടിയവർ ഇന്ന് (നവംബർ 1) വൈകുന്നേരം നാലുമണിക്ക് മുൻപായി ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടണം**

മഹാത്മാഗാന്ധി സർവ്വകലാശാല ഏകജാലകം വഴി 2017ൽ പി.ജി. പ്രവേശനത്തിനുള്ള ഒന്നാം ഫൈനൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ഒന്നാം ഫൈനൽ അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി സർവ്വകലാശാലാ അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഇന്ന് (നവംബർ 1) വൈകുന്നേരം നാലു മണിക്കകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി പ്രവേശനം

നേടേണ്ടതാണ്. ഇന്ന് ഫീസ് ഒടുക്കാത്തവരുടേയും ഫീസൊടുക്കിയശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

**അപേക്ഷാ തീയതി**

ഒന്നാം സെമസ്റ്റർ ബി.പി.ഇ.എസ്. (നാല് വർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാം 2016 മുതൽ അഡ്മിഷൻ) പരീക്ഷകൾ നവംബർ 14ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ നവംബർ 3 വരെയും 50 രൂപ പിഴയോടെ 6 വരെയും 500 രൂപ സൂപ്പർഫൈനോടെ 8 വരെയും സ്വീകരിക്കും.

**പ്രാക്ടിക്കൽ**

2017 ഒക്ടോബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ഫുഡ് സയൻസ് ആന്റ് ക്വാളിറ്റി കൺട്രോൾ (സി.ബി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ നവംബർ 2 മുതൽ 8 വരെ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷ മാറ്റിവച്ചു**

നവംബർ 14, 16, 20, 22, 24 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.എ/ബി.കോം (സി.ബി.സി.എസ്.എസ്. - പ്രൈവറ്റ് രജിസ്ട്രേഷൻ) റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷകൾ യഥാക്രമം ഡിസംബർ 6, 8, 11, 13, 15 തീയതികളിലേക്ക് മാറ്റി നിശ്ചയിച്ചു.

**പരീക്ഷാഫലം**

സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ് 2017 മാർച്ച് മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ബി.എ. റെഗുലർ/ഇംപ്രൂവ്മെന്റ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

2017 മെയ് മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. മലയാളം (സി.എസ്.എസ്. - റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പാലാ സെന്റ് തോമസ് കോളേജിലെ വിഷ്ണു പ്രസാദ്, ഡെയ്സി ചാക്കോ, പത്തനംതിട്ട കത്തോലിക്കേറ്റ് കോളേജിലെ സൂസൻ ജോർജ് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**